# പതിനാലാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2102 | 06.02.2019 ൽ മറുപടിക്ക്

## ഷൊർണ്ണൂർ മണ്ഡലത്തിലെ ആർദ്രം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി.കെ. ശശി | | കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
| (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി പാലക്കാട് ജില്ലയിൽ നടത്തിയിട്ടുളള വിവിധ പ്രവർത്തനങ്ങളുടെ വിശദവിവരം ലഭ്യമാക്കാമോ; | (എ) | ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ പാലക്കാട് ജില്ലയിലെ 16 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുകയും ടി സ്ഥാപനങ്ങളിൽ ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. മഴക്കാല പൂർവ്വ ശുചീകരണം സാംക്രമികരോഗ നിർമ്മാർജ്ജനം എന്നിവ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങളിൽ പൊതുജന പങ്കാളിത്തം ഉറപ്പ് വരുത്തുക എന്ന ലക്ഷ്യത്തോടെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ആരോഗ്യ സേന രൂപീകരിച്ചിട്ടുണ്ട്. വിഷാദ രോഗത്തിന് 'ആശ്വാസ് ക്ലിനിക്', ശ്വാസകോശ സംബന്ധമായ 'ശ്വാസ് ക്ലിനിക്കുകൾ' എന്നിവ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ഒ.പി.സമയം രാവിലെ 9 മണിമുതൽ വൈകുന്നേരം 6 മണിവരെയാക്കി ക്രമീകരിച്ചിട്ടുണ്ട്.<br><br>ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തുന്നതിന് പാലക്കാട് ജില്ലയിലെ 45 സ്ഥാപനങ്ങളെ തെരെഞ്ഞെടുത്തിട്ടുണ്ട്. ആർദ്രം പദ്ധതി പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്<br><br>**1. ജില്ലാ ആശുപത്രി, പാലക്കാട്**<br><br>പാലക്കാട് ജില്ലാ ആശുപത്രിയിൽ 90 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങളാണ് ആർദ്രം പദ്ധതി മുഖേന നടപ്പിലാക്കി വരുന്നത്. ഒ.പി. നവീകരണം, ഓൺലൈൻ ബുക്കിംഗ് സംവിധാനം എന്നിവ നടപ്പിലാക്കുന്നു. ആർദ്രം പദ്ധതി പ്രകാരം ടി ആശുപത്രിയിൽ സൂപ്പർ സ്പെഷ്യാലിറ്റി വിഭാഗത്തിൽ ഉൾപ്പെടെ 11 ഡോക്ടർമാർ, റേഡിയോ ഗ്രാഫർ, മോർച്ചറി ടെക്നീഷ്യൻ, കാത്ത് ലാബ് ടെക്നീഷ്യൻ, മോർച്ചറി |

| | | | |
|---|---|---|---|
| | | | അറ്റൻഡന്റ്, ഫാർമസിസ്റ്റ്, സ്റ്റോർ കീപ്പർ തുടങ്ങിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.<br>**<u>2. താലൂക്കാശുപത്രി, ചിറ്റൂർ</u>**<br>ചിറ്റൂർ താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് ആരംഭിച്ചു. ഇ.സി.ജി. ടെക്നീഷ്യൻ, ദന്തൽ മെക്കാനിക്, സ്റ്റാഫ് നഴ്സ്, ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.<br>**<u>3. താലൂക്കാശുപത്രി, ആലത്തൂർ</u>**<br>ടി ആശുപത്രിയിൽ കിഫ്-ബി മുഖേന ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ടി ആശുപത്രിയിൽ 6 ഡോക്ടർമാർ, ഇ.സി.ജി.ടെക്നീഷ്യൻ, ദന്തൽ മെക്കാനിക്, മെഡിക്കൽ റിക്കോർഡ് ലൈബ്രേറിയൻ, ലാബ് ടെക്നീഷ്യൻ, സ്റ്റാഫ് നഴ്സ് എന്നീ തസ്തികകൾ ആർദ്രം പദ്ധതി പ്രകാരം സൃഷ്ടിച്ചിട്ടുണ്ട്.<br>**<u>4. താലൂക്കാശുപത്രി, മണ്ണാർക്കാട്</u>**<br>കിഫ്-ബി പദ്ധതി മുഖേന ഡയാലിസിസ് യൂണിറ്റ് ആർദ്രം പദ്ധതിയുടെ ഭാഗമായി അനുവദിച്ചിട്ടുണ്ട്. ടി ആശുപത്രിയിൽ ഡോക്ടർ, സ്റ്റാഫ് നേഴ്സ്, ദന്തൽ മെക്കാനിക് എന്നീ തസ്തികകളും സൃഷ്ടിച്ചിട്ടുണ്ട്.<br>**<u>5. താലൂക്കാശുപത്രി, ഒറ്റപ്പാലം</u>**<br>ടി ആശുപത്രിയിൽ ആർദ്രം പദ്ധതി പ്രകാരം ഡോക്ടർ, ലാബ് ടെക്നീഷ്യൻ, സ്റ്റാഫ് നേഴ്സ്, ഡയാലിസിസ് ടെക്നീഷ്യൻ, ദന്തൽ മെക്കാനിക് എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.<br>**<u>6. താലൂക്കാശുപത്രി, പട്ടാമ്പി</u>**<br>ടി ആശുപത്രിയിൽ ആർദ്രം പദ്ധതി പ്രകാരം ഡോക്ടർ സ്റ്റാഫ് നേഴ്സ്, ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |
| (ബി) | ഷൊർണ്ണൂർ മണ്ഡലത്തിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | 2017-18 ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഷൊർണ്ണൂർ മണ്ഡലത്തിലെ നെല്ലായ, അടയ്ക്കാപുത്തൂർ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി ഒരു ഡോക്ടർ, രണ്ട് സ്റ്റാഫ് നേഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, ഒരു ഫാർമസിസ്റ്റ് എന്നീ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തിയിട്ടുണ്ട്.<br>ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഷൊർണ്ണൂർ മണ്ഡലത്തിലെ ചളവറ സാമൂഹികാരോഗ്യ കേന്ദ്രം, വെള്ളിനേഴി, വാണിയാംകുളം, തൃക്കടീരി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളേയും കുടുംബാരോഗ്യ കേന്ദ്രങ്ങളായി |

| | | | |
|---|---|---|---|
| | | | ഉയർത്തുന്നതിന് തെരെഞ്ഞെടുത്തിട്ടുണ്ട്. അടിസ്ഥാന സൗകര്യ വികസനത്തിനായി സംസ്ഥാനത്തെ 203 കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കായി 28.55 കോടി രൂപയ്ക്ക് ഭരണാനുമതി നൽകുകയും ഇതിന്റെ ഭാഗമായി വാണിയംകുളം, വെള്ളിനേഴി, തൃക്കടീരി എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾക്ക് 14 ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായുള്ള നിർമ്മാണ പ്രവർത്തനങ്ങളും തുടർ നടപടികളും എൻ.എച്ച്.എം. എഞ്ചിനീയറിംഗ് വിഭാഗം വഴി നടന്നു വരുന്നു. കൂടാതെ ചളവറ സാമൂഹികാരോഗ്യ കേന്ദ്രത്തിന് 15.50 ലക്ഷം രൂപ എൻ.എച്ച്.എം. ഫണ്ട് അനുവദിച്ച് ഇതുപയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങളും നടന്നു വരുന്നു. തെരെഞ്ഞെടുക്കപ്പെട്ട എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കും ലാബ് സൗകര്യത്തിനായി മൊത്തം 7 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ഇതിന്റെ അടിസ്ഥാനത്തിൽ കെ.എം.എസ്.സി.എൽ. വഴി ലബോറട്ടറി ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. ഇതു കൂടാതെ ചെർപ്പുളശ്ശേരി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഡെന്റൽ ഒ.പി. വിഭാഗം ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ